മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 19

# വാർത്താക്കുറിപ്പ്

---

## വനിതാ ദിനം: വീഡിയോ മത്സരം

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ലോക വനിതാദിനാഘോഷത്തോടനുബന്ധിച്ച് സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 'ഇനി വേണ്ട ലിംഗവിവേചനം' എന്ന വിഷയത്തെ ആസ്പദമാക്കി ഇന്റർ കോളേജിയറ്റ് തീം പ്രസന്റേഷൻ വീഡിയോ മത്സരം നടത്തുന്നു. പരിപാടിയെക്കുറിച്ചുള്ള വിശദവിവരങ്ങളും രജിസ്ട്രേഷൻ ലിങ്കും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി: ലൈബ്രറിയുടെ വെബ് സൈറ്റിലൊ (www.library.mgu.ac.in), ഫേസ്ബുക്ക് പേജിലൊ (Mahatma Gandhi University Library) ലഭിക്കും. മത്സരത്തിന്റെ എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് മൂന്ന്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : 9446238800 (മിനി ജി. പിള്ള), 9061813993 (സിജു ജോസ് എം.)

(പി.ആർ.ഒ./39/188/2022)

## അപേക്ഷ തീയതി

പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്)/ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) / ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (അഫിലിയേറ്റഡ് കോളേജ്) കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ - (2020 അഡ്മിഷൻ), രണ്ടാം സെമസ്റ്റർ - (2019 അഡ്മിഷൻ), അഞ്ചാം സെമസ്റ്റർ - (2018 അഡ്മിഷൻ), ഏഴാം സെമസ്റ്റർ - (2017 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 25 വരെയും 525 രൂപ പിഴയോടു കൂടി ഫെബ്രുവരി 26 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഫെബ്രുവരി 28 വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം.

(പി.ആർ.ഒ./39/189/2022)

## പ്രാക്ടിക്കൽ പരീക്ഷ

2021 ഒക്ടോബറിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബി.എസ് സി. എം.എൽ.ടി സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/190/2022)

## പരീക്ഷാ ഫലം

2020 നവംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ് - റെഗുലർ / സപ്ലിമെന്ററി /മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും 2015 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് ഏഴ് വരെ ഓൺലൈനായി അപേക്ഷിക്കണം. 2015 അഡ്മിഷന് മുൻപുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് ഏഴിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/190/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ